**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2494** — **12-12-2022 - ൽ മറുപടിയ്ക്ക്**

**അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയുടെ നിജസ്ഥിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയുടെ നിലവിലെ സ്ഥിതിയും വിശദാംശം ലഭ്യമാക്കാമോ; | (എ) | അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ കണ്ടെത്തിയ കുടുംബങ്ങളെയും വ്യക്തികളെയും അതിദരിദ്രാവസ്ഥ യിൽ നിന്നും മോചിപ്പിക്കുന്നതിന് തയാറാക്കുന്ന സൂക്ഷ്മതല പദ്ധതിയാണ് മൈക്രോപ്ലാൻ. നിലവിൽ തദ്ദേശ സ്ഥാപനതലത്തിൽ അതി ദരിദ്രർക്കായുള്ള മൈക്രോപ്ലാൻ തയാറാക്കൽ പൂർത്തീകരിച്ചിട്ടുണ്ട്. അവകാശം അതിവേഗം എന്ന പേരിൽ അതിദരിദ്രർക്ക് അവകാശ രേഖകൾ (വോട്ടർ ഐ.ഡി, ആധാർ കാർഡ്, റേഷൻ കാർഡ്, ബാങ്ക് അക്കൗണ്ട്) നൽകൽ, ഭക്ഷണം, അതിദരിദ്രരായി കണ്ടെത്തിയ എല്ലാവരുടെയും ആരോഗ്യ പരിശോധന, സാമൂഹ്യ സുരക്ഷാ പെൻഷൻ, അതിദരിദ്ര പട്ടികയിൽ ഭവനം ആവശ്യമുള്ളവർക്ക് ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തി ഭവനം നൽകൽ, ഏകാംഗ കുടുംബത്തിൽ ഉള്ള അതിദരിദ്രരെ പുനരധിവാസ കേന്ദ്രങ്ങളിലേയ്ക്ക് മാറ്റിപാർപ്പിക്കൽ മുതലായ സേവനങ്ങൾ തദ്ദേശ സ്ഥാപനതലത്തിൽ നടപ്പിലാക്കി വരുന്നു.<br><br>• അതിദരിദ്ര കുടുംബങ്ങൾക്കായി തയ്യാറാക്കിയ മൈക്രോപ്ലാനുകളുടെ എണ്ണം – 55507.<br>• അവ തയ്യാറാക്കിയ തദ്ദേശ സ്ഥാപനങ്ങളുടെ എണ്ണം - 1032.<br><br>ആലപ്പുഴ ജില്ലയിലെ കുമാരപുരം ഗ്രാമപഞ്ചായത്തിലും കാസർഗോഡ് കള്ളാർ ഗ്രാമപഞ്ചായത്തിലും അതിദരിദ്രർ ഇല്ല.<br><br>**നൽകിയ സേവനങ്ങൾ**<br><br>ആഹാരം നൽകിയവർ-14618<br><br>ആരോഗ്യ സേവനം ലഭിച്ചവർ-22233 |

| | | | |
|---|---|---|---|
| | | | ആരോഗ്യ ഇൻഷുറൻസ്-733<br><br>സാമൂഹ്യസുരക്ഷ പെൻഷൻ -933<br><br>റേഷൻ കാർഡ്-2584<br><br>ആധാർ കാർഡ്-2289<br><br>ഇലക്ഷൻതിരിച്ചറിയൽ കാർഡ്-6776<br><br>ബാങ്ക് അക്കൗണ്ട് -313<br><br>കുടുംബശ്രീ അയൽക്കൂട്ട അംഗത്വം-788<br><br>ഭിന്നശേഷിക്കാരുടെ തിരിച്ചറിയൽ കാർഡ്-37<br><br>തൊഴിലുറപ്പുപദ്ധതി തൊഴിൽ കാർഡ് –761<br><br>AAY റേഷൻ കാർഡ്-238<br><br>ഷെൽട്ടർ ഹോമിലേക്ക് മാറ്റി പാർപ്പിച്ചവർ-194 |
| (ബി) | ഇത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ നടത്തേണ്ട സർവ്വേ നടപടി പൂർത്തിയായിട്ടുണ്ടോയെന്നറിയിക്കാമോ; | (ബി) | അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ 2022 ഫെബ്രുവരി മാസത്തിൽ പൂർത്തീകരിക്കുകയും<br><br>അതിദരിദ്രരായി 64006 കുടുംബങ്ങളെ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുടെ വൈപ്പിൻ മണ്ഡലത്തിലെ സ്ഥിതിയും അതിദരിദ്രരുടെ എണ്ണവും പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; | (സി) | വൈപ്പിൻ നിയോജകമണ്ഡലത്തിലെ അതിദാരിദ്ര്യ നിർണ്ണയവുമായി ബന്ധപ്പെട്ട സർവ്വേ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് മൈക്രോ പ്ലാൻ തയാറാക്കി അത് നടപ്പിലാക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. വൈപ്പിൻ നിയോജകമണ്ഡലത്തിലെ എടവനക്കാട്, കടമക്കുടി, മുളവുകാട് എന്നീ പഞ്ചായത്തുകളിൽ അവകാശം അതിവേഗം പ്രവർത്തങ്ങൾ പൂർത്തീകരിച്ചു. പള്ളിപ്പുറം പഞ്ചായത്ത് 90 % അവകാശം അതിവേഗം പ്രവർത്തങ്ങൾ പൂർത്തീകരിച്ചു. നായരമ്പലം കുഴുപ്പിള്ളി പഞ്ചായത്ത് പ്രോസസ്സിംഗ് സ്റ്റേജിൽ ആണ്. ഞാറക്കൽ പഞ്ചായത്തിലെ അവകാശം അതിവേഗം പ്രവർത്തങ്ങൾ പൂർത്തീകരിക്കാനുണ്ട്. വീട് ആവശ്യമുള്ളവർക്ക് പദ്ധതി രൂപീകരിച്ച് DPC അംഗീകാരം നേടിയിട്ടുണ്ട്. അത് കൂടാതെ ഒറ്റയ്ക്ക് താമസിക്കുന്നവരെയും അലഞ്ഞുതിരിയുന്നവരെയും ഷെൽട്ടർ ഹോമുകളിൽ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>വൈപ്പിൻ നിയോജകമണ്ഡലത്തിലെ അതിദരിദ്രരുടെ എണ്ണം ചുവടെ ചേർക്കുന്നു :- |

| | | | |
|---|---|---|---|
| | | | 1. ഞാറക്കൽ - 53<br><br>2.എടവനക്കാട് - 101<br><br>3. കുഴുപ്പുള്ളി – 35<br><br>4. പള്ളിപ്പുറം – 87<br><br>5. മുളവുകാട് – 15<br><br>6. കടമക്കുടി - 19<br><br>7.നായരമ്പലം- 51<br><br>8. എളംകുന്നപ്പുഴ - 86 |
| (ഡി) | പ്രസ്തുത പദ്ധതി മുഖേന ഗുണഭോക്താക്കൾക്കും കുടുംബത്തിനും എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ കണ്ടെത്തിയ കുടുംബങ്ങളെയും വ്യക്തികളെയും അതിദരിദ്രാവസ്ഥ യിൽ നിന്നും മോചിപ്പിക്കുന്നതിന് തയാറാക്കുന്ന സൂക്ഷ്മതല പദ്ധതിയാണ് മൈക്രോപ്ലാൻ. അതിദരിദ്ര കുടുംബങ്ങൾക്ക് മൈക്രോപ്ലാൻ തയാറാക്കുമ്പോൾ ഉടൻ നടപ്പാക്കാവുന്ന സർവ്വീസ് പദ്ധതികൾ, ഹ്രസ്വകാലത്തേയ്ക്ക് നടപ്പിലാക്കാവുന്ന പദ്ധതികൾ, ദീർഘകാല പദ്ധതികൾ എന്നിങ്ങനെ മൂന്നായി തരംതിരിച്ചാണ് സേവനങ്ങൾ ലഭ്യമാക്കുന്നത്. ഉടൻ നടപ്പാക്കാവുന്ന സർവ്വീസ് പദ്ധതികളിൽ കുടുംബങ്ങളുടെ അതിജീവനത്തിന് അടിയന്തിരമായി ചെയ്യേണ്ടുന്ന കാര്യങ്ങൾ , എളുപ്പത്തിൽ ചെയ്യാവുന്ന സേവനങ്ങൾ (റേഷൻ കാർഡ്, ആധാർ കാർഡ് മുതലായവ ലഭ്യമാക്കൽ) ആരോഗ്യ ഇൻഷ്വറൻസ്, ഭക്ഷണം, ചികിത്സ മുതലായവ) ഹ്രസ്വകാല പദ്ധതികളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ. പഠന സൗകര്യങ്ങൾ ഒരുക്കൽ, സ്ഥിമായ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തൽ മുതലായവ ഇതിൽ ഉൾപ്പെടുന്നു. ദീർഘ കാല സമഗ്ര പദ്ധതികളിൽ വീട്, കക്കൂസ്, വൈദ്യുതി, കുടിവെള്ളം മുതലായ സേവനങ്ങൾ ഉൾപ്പെടുന്നു. |

സെക്ഷൻ ഓഫീസർ